**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6462 01.11.2011 -ൽ മറുപടിക്ക്**

സെൽഫോൺ ടവറിൽ നിന്നുള്ള വികിരണം ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | മൊബൈൽ ഫോൺ ടവറുകളിൽ നിന്നുള്ള വികിരണം മനുഷ്യരിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി വിദേശ രാജ്യങ്ങളിലെ പല പഠനങ്ങളിലും കണ്ടെത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച സമിതി കേന്ദ്രസർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ വിശദാംശങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | ബ്രെയിൻ ട്യൂമർ, മാനസിക സംഘർഷം, ഉറക്കമില്ലായ്മ, ഓർമ്മക്കുറവ്, ജന്മനായുള്ള വൈകല്യങ്ങൾ തുടങ്ങി ഒട്ടനവധി മാരകരോഗങ്ങൾക്ക് ടവറുകളിൽ നിന്നുള്ള വികിരണം കാരണമാകുന്നു എന്ന റിപ്പോർട്ട് പരിശോധിക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് ഇതിനെക്കുറിച്ച് പഠിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ടവറുകളുടെ ഉയരം, സ്ഥാപിക്കുന്ന സ്ഥലങ്ങളിലെ ജന സാന്ദ്രത, ടവറുകൾ തമ്മിലുണ്ടാകേണ്ട അകലം എന്നിവ സംബന്ധിച്ച സമിതിയുടെ കർശനനിർദ്ദേശങ്ങൾ പരിശോധിക്കുമോ; | (ഇ) & (എഫ്) | റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (എഫ്) | എങ്കിൽ ഇതിനനുസൃതമായ മാറ്റങ്ങൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ വരുത്തുന്ന കാര്യം പരിഗണിക്കുമോ; | | |
| (ജി) | അതുവരെ ടവറുകൾ സ്ഥാപിക്കുന്നതിന് നിയമാനുസൃതമായ നിയന്ത്രണം ഏർപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ? | (ജി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ